(ബി) ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന തുക സംസ്ഥാനതലത്തിൽ വിവിധ പ്രചാരണ പരിപാടികൾക്കായി അനുവദിക്കുന്നതിനോടൊപ്പം ജില്ലാ തലത്തിലും പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക പൊതുവായി അനുവദിച്ചു നൽകുകയാണ് ചെയ്യുന്നത്. ജില്ലാതല പ്രവർത്തനങ്ങൾക്ക് ടി തുക ഇനം തിരിച്ചല്ല അനുവദിച്ചു നൽകുന്നത്. ഈ സർക്കാർ ഇതേ വരെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പ് മുഖാന്തരം ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

നമ്പർ	സാമ്പത്തിക വർഷം	അനുവദിച്ച തുക	ചെലവഴിച്ച തുക
1.	2011-12	1,20,00,000	1,19,27,247
2.	2012-13	90,00,000	89,41,085
3.	2013-14	75,20,000	73,38,852
4.	2014-15	60,00,000	60,00,000
	ആകെ	3,45,20,000	3,42,07,184

(സി) 2014-15 വർഷത്തിലെ മദ്യനയം പ്രകാരം ബാർ നിർത്തലാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളെയും മദ്യാസക്തിക്കടിമപ്പെട്ടവരെയും പുനരധിവസിപ്പിക്കുന്നതിന് 'പുനർജ്ജനി 2030' എന്ന പദ്ധതി ആവിഷ്കരിക്കുകയും ആയതിലേയ്ക്കുള്ള പദ്ധതി രൂപീകരണത്തിന് 14-10-2014-ലെ ജി.ഒ.എം.എസ്. 174/2014/നി.വ. പ്രകാരം എക്സൈസ് കമ്മീഷണർ ചെയർമാനായി ഏഴംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 'പുനർജ്ജനി 2030' പദ്ധതിയുടെ രൂപരേഖ സമർപ്പിക്കുവാൻ മേൽപ്പറഞ്ഞ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മദ്യനയം

83 (88)ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മദ്യനയത്തിനും അതേ തുടർന്നുള്ള നടപടികൾക്കും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തോടു കൂടിയെടുത്തിട്ടുള്ള തീരുമാനങ്ങളുടെ അടിസ്ഥാനം എത്രത്തോളം ഉണ്ടായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരുമാനങ്ങളിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുള്ളവ എന്തൊക്കെയാണ്; ഏതെല്ലാം സംഗതികളിൽ ഏതെല്ലാം കോടതികളിൽ നിന്ന് എന്തെല്ലാം നിലയിലുള്ള വിധി പ്രസ്താവങ്ങൾ തന്നാണ്ടിലെ മദ്യനയ പ്രഖ്യാപനത്തെ തുടർന്നുണ്ടായിട്ടുണ്ട്; വിശദമാക്കാമോ ;

(സി) സർക്കാർ ആദ്യം പ്രഖ്യാപിച്ച നയത്തിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവുകൾക്കും വ്യവസ്ഥകൾക്കും പിന്നീട് ഏതെല്ലാം നിലയിലുള്ള ഭേദഗതികളോ, മാറ്റങ്ങളോ വരുത്തുകയുണ്ടായി;

(ഡി) ഇപ്പോൾ പ്രാബല്യത്തിലുള്ള സർക്കാർ തീരുമാനങ്ങളോട് സർക്കാരിലുള്ള ഏതെങ്കിലും മന്ത്രിമാർ ഫയലിൽ, വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഫയലിൽ ഏത് തീരുമാനത്തോടാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മദ്യ നയവും അതെ തുടർന്നുള്ള നടപടികളും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തോടുകൂടിയെടുത്തിട്ടുള്ള തീരുമാനങ്ങളുടെ ആടിസ്ഥാനത്തിൽ മാത്രമാണ്.

(ബി) 22-8-2014-ലെ ജി.ഒ.(എംഎസ്.) 139/2014/നി.വ. പ്രകാരം ഫൈവ് സ്റ്റാർ ഒഴികെയുള്ള എല്ലാ ഹോട്ടലുകളുടെയും ബാർ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് തീരുമാനിക്കുകയും ഇതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ WA No.1195/2014 തുടങ്ങിയ കേസുകൾ ഫയൽ ചെയ്തെങ്കിലും പരാതിക്കാർക്ക് ഇടക്കാല ആശ്വാസം നൽകുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി നിരസിക്കുകയാണുണ്ടായത്. തുടർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി മുൻപാകെ പരാതിക്കാർ S.L.P 594-596/2014 തുടങ്ങിയ കേസുകൾ ഫയൽ ചെയ്തതിൽ 30-10-2014-ന് മുൻപ് ബഹുമാനപ്പെട്ട ഹൈക്കോടതി മേൽ കേസുകളിൻമേൽ വിധിന്യായം പുറപ്പെടുവിക്കുന്നതുവരെ ബാർ ലൈസൻസുകൾ റദ്ദ് ചെയ്യുന്നത് സ്റ്റേ ചെയ്യുകയും ചെയ്തു. 30-10-2014-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ ഉത്തരവ് പ്രകാരം 2014-15-ലെ സർക്കാരിന്റെ മദ്യനയം 2 സ്റ്റാർ, 3 സ്റ്റാർ ഹോട്ടലുകളും, സ്റ്റാർ നിലവാരമില്ലാത്തതുമായ ഹോട്ടലുകളും ചോദ്യം ചെയ്തത് നിലനിൽക്കുന്നതല്ല എന്ന് കണ്ട് അവരുടെ ഹർജികൾ ഡിസ്മിസ് ചെയ്യുകയും 4 സ്റ്റാർ വിഭാഗത്തിനും ഹെറിറ്റേജ് വിഭാഗത്തിലെ ഹോട്ടലുകൾക്കും ബാർ ലൈസൻസ് നൽകുന്നതിൽനിന്നും ഒഴിവാക്കുന്നതാണെന്ന സർക്കാർ തീരുമാനം അസ്ഥിരപ്പെടുത്തികൊണ്ടും മറ്റെല്ലാതരത്തിലും 2014-15-ലെ മദ്യനയം നിലനിൽക്കുന്നതാണെന്നും കോടതി ഉത്തരവായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 31-10-2014 -ലെ ഇടക്കാല ഉത്തരവിലൂടെ മേൽ വിഷയത്തിൽ 29-10-2014-ലെ തത്സ്ഥിതി തുടരുന്നതിനായി ഉത്തരവിടുകയും ചെയ്തു. ഇതിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണങ്ങളുടെയും ടൂറിസം മേഖലയിലും തൊഴിൽ നഷ്ടപ്പെട്ട ബാർ തൊഴിലാളികളുടെ പ്രശ്നങ്ങളും കണക്കിലെടുത്ത് 22-8-2014-ൽ പുറപ്പെടുവിച്ച അബ്കാരി നയത്തിൽ ആവശ്യമായ മാറ്റം വരുത്തികൊണ്ട് 31-3-2014-ൽ പ്രവർത്തിച്ചിരുന്ന ഹൈജീനിക് ആയിട്ടുള്ള ബാർ ഹോട്ടലുകൾക്ക് അവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്ക് തൊഴിൽ നൽകണമെന്ന വ്യവസ്ഥയിൽ ബിയർ/വൈൻ പാർലർ ലൈസൻസുകൾ നൽകാൻ 20-12-2014-ലെ ജി.ഒ.(എംഎസ്.) 2005/2014/നി.വ. പ്രകാരം ഉത്തരവാകുകയും ഡ്രൈഡേ പിൻവലിക്കുകയും ബാർ പ്രവർത്തന സമയം വെട്ടികുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സർക്കാർ കൈക്കൊള്ളുന്ന എല്ലാ തീരുമാനങ്ങളും നടപടികളും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തോടും തീരുമാനത്തോടും കൂടി മാത്രമാണ് എടുത്തിട്ടുള്ളത്.

സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ

84 (89) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് മദ്യം, ബിയർ, വൈൻ തുടങ്ങിയവ വാങ്ങുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ മദ്യത്തിനും ബിയറിനും വൈനിനും ഏതെല്ലാം തീയതികളിൽ എത്ര ശതമാനം വീതം നിരക്ക് വർധന കമ്പനികൾക്ക് അനുവദിച്ച് കൊടുക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ മദ്യം, ബിയർ, വൈൻ തുടങ്ങിയവയുടെ ഇനത്തിൽ ഏതെല്ലാം നിലയിൽ എത്ര ശതമാനം തുക വീതം സർക്കാർ ഖജനാവിലേക്ക് ലഭിക്കുന്നുണ്ട്; ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന വിലയും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന വിലയും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മദ്യം, ബിയർ, വൈൻ എന്നിവ വാങ്ങുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ 6% നിരക്കു വർദ്ധന മദ്യത്തിനു മാത്രമായി 2012 ആഗസ്റ്റ് മുതൽ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly